(സി) പ്രസ്തുത കമ്പനികൾക്കെതിരെ ഏതുവകുപ്പ് പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത കമ്പനികളെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തി അവരുടെ ഉൽപ്പന്നങ്ങൾ സംസ്ഥാനത്ത് നിരോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) നിശ്ചിത നിലവാരമില്ലാത്ത വെളിച്ചെണ്ണ വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കമ്പനികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളും പ്രകാരമാണ് നടപടി സ്വീകരിച്ചിട്ടുള്ളത്.

(ഡി) നിശ്ചിത നിലവാരമില്ലാത്ത വെളിച്ചെണ്ണ വിൽക്കുന്നതായി പരിശോധനയിൽ കണ്ടെത്തിയ കമ്പനികളുടെ വെളിച്ചെണ്ണ ഇതിനകം സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്.

മഴക്കാലപൂർവ്വ പകർച്ചവ്യാധി നിയന്ത്രണത്തിന് പദ്ധതി

115 (780) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഴക്കാലപൂർവ്വ പകർച്ചവ്യാധി നിയന്ത്രണത്തിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് എന്നുള്ള വിവരം നൽകാമോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പകർച്ചവ്യാധികളുടെ വ്യാപനം തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ;

(ഡി) മഴക്കാലപൂർവ്വ പകർച്ചവ്യാധി നിയന്ത്രണത്തിനായി ആലപ്പുഴ ജില്ലയ്ക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) അമ്പലപ്പുഴ മണ്ഡലത്തിൽ ആലപ്പുഴ മെഡിക്കൽ കോളേജുൾപ്പെടെയുള്ള ആശുപത്രികളിൽ ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും സേവനം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മഴക്കാലരോഗങ്ങൾ തടയുന്നതിന് ആരോഗ്യവകുപ്പ് ഒരു വർഷം നീണ്ടുനിൽക്കുന്ന കർമ്മ പദ്ധതി തയ്യാറാക്കി വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കിവരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇതര വകുപ്പ് മന്ത്രിമാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ 2015 ഫെബ്രുവരി 10-ാം തീയതി ഉന്നതതലയോഗംകൂടി ഈ വർഷത്തെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തന കർമ്മപരിപാടികളെപ്പറ്റി ചർച്ചചെയ്ത് അന്തിമരൂപം നൽകി. ജില്ലാതലത്തിലും നിയോജകമണ്ഡലാടിസ്ഥാനത്തിലും നഗരസഭ/പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ആലോചനയോഗങ്ങൾകൂടി പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ച് പ്രവർത്തനങ്ങൾ നടത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതോടൊപ്പം വാർഡ്തല ആരോഗ്യശുചിത്വ സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ എൻ.എച്ച്.എം. ശുചിത്വ മിഷൻ-തദ്ദേശഭരണ സ്ഥാപന ഫണ്ടുകൾ ലഭ്യമാക്കാനും തീരുമാനിച്ചു. മഴക്കാലത്തോടനുബന്ധിച്ച് പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്നത് തടയാനായി മഴക്കാലപൂർവ്വ ശുചീകരണത്തിനും കൊതുകിന്റെ ഉറവിട നശീകരണത്തിനും ജലശുദ്ധി ഉറപ്പാക്കാനും പലവിധ ക്യാമ്പെയിനുകൾ നടപ്പിലാക്കി.

1. കൊതുകിന്റെ ഉറവിടങ്ങളും ഉണങ്ങിയ ഉറവിടങ്ങളും നശിപ്പിക്കുന്ന ക്യാമ്പെയിൻ (ഏപ്രിൽ 20-22)

2. പ്ലാന്റേഷൻ ക്യാമ്പെയിൻ (ഏപ്രിൽ 27-29)

3. ക്ലീൻ ഓഫീസ് & ക്ലീൻ പബ്ലിക് പ്ലേസ് ക്യാമ്പെയിൻ (മേയ് 18-20)

4. സേഫ് വാട്ടർ ക്യാമ്പെയിൻ (മേയ് 14-16)

എന്നിവ എല്ലാ ജില്ലകളിലും നടത്തി.

ജൂൺ, ജൂലൈ മാസങ്ങളിൽ ആഴ്ചതോറും സ്കൂൾ, ഓഫീസ്, വീട് എന്നിവിടങ്ങളിൽ കൊതുക്, കുത്താടി നശീകരണത്തിനായി ഡ്രൈ ഡേ ആചരിക്കുവാൻ നിർദ്ദേശം നൽകി.

(ബി) ആരോഗ്യവകുപ്പിനെ കൂടാതെ പഞ്ചായത്ത്, നഗരവികസനം, ജലവിഭവം, കൃഷി, മൃഗസംരക്ഷണം, സാമൂഹ്യനീതി, തൊഴിൽ, വിദ്യാഭ്യാസം, മൽസ്യബന്ധനം, പൊതുമരാമത്ത് തുടങ്ങി വിവിധ വകുപ്പുകളുടെ സഹകരണത്തോടെയും പങ്കാളിത്തത്തോടെയുമാണ് പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ

കർമ്മ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. ജല അതോറിറ്റി, ശുചിത്വമിഷൻ, കുടുംബശ്രീ, ഭക്ഷ്യ സുരക്ഷാ കമ്മീഷൻ തുടങ്ങിയവയുടെ പങ്കാളിത്തവും ഉണ്ട്. മെഡിക്കൽ അസോസിയേഷനുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ, എൻ.സി.സി. സ്കൗട്ട്, എൻ.എസ്.എസ്. സ്റ്റുഡന്റ്സ് പോലീസ്, റെഡ് ക്രോസ്സ് എന്നിവരും സഹകരിക്കുന്നു.

(സി)

1. വാർഡുതല ആരോഗ്യ ശുചിത്വ സമിതിയുടെ പ്രവർത്തനം കാര്യക്ഷമ മാക്കാനും എൻ.എച്ച്.എം. ശുചിത്വമിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപന ഫണ്ടുകൾ ലഭ്യമാക്കാനും തീരുമാനിച്ചു.

2. പൊതുസ്ഥലങ്ങൾ, നിരത്തുകൾ, ചന്തകൾ, ഓഫീസുകൾ എന്നിവയിലേയും ഓട, ചാല് തുടങ്ങിവയിലെയും മാലിന്യങ്ങൾ നീക്കംചെയ്യാൻ നിർദ്ദേശം നൽകി.

3. കൊതുകുകളുടെ ഉറവിട നശീകരണം, കൊതുക്, കുത്താടി നിർമ്മാർജ്ജനം, എലി നശീകരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ സഹകരണം ഉറപ്പാക്കി.

4. ആഴ്ചയിലൊരിക്കൽ ഉറവിട നശീകരണവും ഡ്രൈ ഡേ ആചരണവും വീടുകളിലും സ്കൂളുകളിലും മറ്റ് സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നതിൽ സഹകരിക്കുന്നു.

5. സേവാഗ്രാം ഗ്രാമകേന്ദ്ര പ്രവർത്തനങ്ങളുടെയും അയൽ സഭകളുടെ പ്രവർത്തനങ്ങളുടെയും ഭാഗമായി രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി.

(ഡി) പ്ലാൻ ഫണ്ട് - 1 ലക്ഷം

എൻ.എച്ച്.എം. ഫണ്ട് - 125 ലക്ഷം (എൻ.വി.ബി.ഡി.സി.പി.)

(ഇ) അമ്പലപ്പുഴ മണ്ഡലത്തിലെ ആശുപത്രികളിൽ ഡോക്ടർമാരുടെ ഒഴിവുകൾ

1. <u>വനിത ശിശു ആശുപത്രി - ആലപ്പുഴ</u>

ചീഫ് കൺസൾട്ടന്റ് (ഒ & ജി)	- 1
കൺസൾട്ടന്റ് (പീഡിയാട്രിക്)	- 1
കൺസൾട്ടന്റ് (ഒ & ജി)	- 1
സി.എം.ഒ.	-1

LIBRARY ARCHIVES Kerala Legislative Assembly

2. ജനറൽ ആശുപത്രി - ആലപ്പുഴ

കൺസൾട്ടന്റ് ജനറൽ മെഡിസിൻ	- 2
കൺസൾട്ടന്റ് ഓർത്തോപീഡിക്സ്	- 1
കൺസൾട്ടന്റ് ഓഫ്താൽമോളജി	- 1
കൺസൾട്ടന്റ് അനസ്തേഷ്യ	- 1
ജൂനിയർ കൺസൾട്ടന്റ് (ഡെന്റൽ)	- 1
ജൂനിയർ കൺസൾട്ടന്റ് (റസ്പിറേറ്ററി മെഡിസിൻ)	- 1
അസിസ്റ്റന്റ് സർജൻ	- 1
അർബൻ ഹെൽത്ത് ട്രെയിനിംഗ് സെന്റർ, അമ്പലപ്പുഴ	
അസിസ്റ്റന്റ് സർജൻ	- 1

മുകളിൽ പറഞ്ഞ ഒഴിവുകളിൽ ആലപ്പുഴ ജനറൽ ആശുപത്രിയിലെ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ), ജൂനിയർ കൺസൾട്ടന്റ് (റസ്പിറേറ്ററി മെഡിസിൻ), ജൂനിയർ കൺസൾട്ടന്റ് (ഡെന്റൽ), സി.എം.ഒ. അസിസ്റ്റന്റ് സർജൻ ഒഴിവുകളിലേയ്ക്ക് അഡ്ഹോക്ക് വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. ചീഫ് കൺസൾട്ടന്റ്, സി.എം.ഒ. തസ്തികകളിലെ ഒഴിവുകൾ ഡിപ്പാർട്ടുമെന്റൽ പ്രമോഷൻ കമ്മിറ്റിയുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ നിലവിലുള്ള ഒഴിവുകളിൽ എല്ലാംതന്നെ അഡ്ഹോക്ക് വ്യവസ്ഥയിലും എൻ.ആർ.എച്ച്.എം. മുഖാന്തിരവും ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പുവരുത്തിയിട്ടുമുണ്ട്.

ആരോഗ്യ വകുപ്പിലെ ഒഴിവുകൾ

116 (781) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിന് കീഴിൽ അനുവദിക്കപ്പെട്ടിട്ടുള്ള നഴ്സിംഗ് ഓഫീസർ, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ, പാർട്ട് ടൈം സ്വീപ്പർ/ക്ലീനർ, റേഡിയേഷൻ ഫിസിസ്റ്റ് എന്നീ തസ്തികകളുടെ അനുവദിക്കപ്പെട്ട എണ്ണം എത്രയാണെന്നും നിലവിൽ എത്രപേർ ജോലി നോക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly